ദേശാഭിമാനി



# മാതാവിന്റെ അനുഗ്രഹം

സുകുമാർ അഴീക്കോട്

തെരഞ്ഞെടുപ്പിൻെറ ചൂടിൽ ഒരുമാതിരി വിഷയങ്ങളെല്ലാം വാടിപ്പോകാം. തെരഞ്ഞെടുപ്പിൻെറ പിറകിലുള്ള ഒരു തെരഞ്ഞെടുപ്പിനെക്കുറിച്ചാണ് ഞാനിവിടെ എഴുതുന്നത്. രാഷ്ട്രീയമായ തെരഞ്ഞെടുപ്പിനല്ലാതെ മറ്റൊരു തെരഞ്ഞെടുപ്പിന് നാം പ്രാധാന്യം നൽകാറില്ല. എണ്ണിത്തിട്ടപ്പെടുത്താൻ കഴിയുന്നതുകൊണ്ട് രാഷ്ട്രീയ തെരഞ്ഞെടുപ്പുകളുടെ വിലയിരുത്തലിൽ തട്ടിപ്പില്ല. എന്നാൽ, മറ്റ് തെരഞ്ഞെടുപ്പുകളിൽ നാം ഉറക്കത്തിലാണ് പങ്കെടുക്കുന്നത്. അതുകൊണ്ട് വന്നുചേരുന്ന അപകടം വെളിപ്പെടുത്തുന്ന ഒരു കഥയാണ് താഴെ വിവരിക്കുന്നത്.

തിരുവനന്തപുരത്തിനടുത്തുള്ള ഒരാശ്രമത്തിൽ എത്തിയ മാതാ അമൃതാനന്ദമയിയെമുഖ്യമന്ത്രി എ കെ ആൻറണി ചെന്നുകണ്ടുവത്രേ. സംഭവം നടന്നിട്ട് കുറച്ചായി. പലരും മറന്നുകാണും. അങ്ങനെ മറക്കാൻ പാടില്ലല്ലോ. അതുകൊണ്ട് എഴുതുകയാണ്. ആൻറണി മാത്രമല്ല, ഒന്നോ രണ്ടോ മന്ത്രിമാരും മുൻ മുഖ്യമന്ത്രി കെ കരുണാകരനും പോയിരുന്നതായി വാർത്തയുണ്ടായിരുന്നു.

അൽപം നാളുകൾക്കുമുമ്പ് അമൃതാനന്ദമയിയുടെ ജന്മദിനാഘോഷവേളയിൽ കൊച്ചിയിൽ മുഖ്യമന്ത്രി മുഖ്യാതിഥിയായി സംബന്ധിച്ചിരുന്നു. ഇതിനുമുമ്പ് പലതവണ അദ്ദേഹം മാതാവിൻെറ ദർശനത്തിനായി വള്ളിക്കാവിലും മറ്റും പോയിരുന്നതായി റിപ്പോർട്ടുകൾ ഉണ്ടായിരുന്നു. അതിനുശേഷവും അദ്ദേഹം മാതൃബന്ധമുള്ള പല പരിപാടികളിലും സംബന്ധിച്ച് തൻെറ മാതൃഭക്തി പ്രകടിപ്പിക്കുകയുണ്ടായി. മതസീമകൾ ലംഘിക്കുന്ന മഹാനായ ഭക്തൻ എന്ന് ലോകം വാഴ്ത്തുന്നു.

നല്ലമനുഷ്യരെ കാണുന്നത് നല്ല കാര്യംതന്നെ. ഈ കയ്പേറിയ ലോകജീവിതത്തിലെ മധുരഫലങ്ങളിൽ ഒന്ന് സജ്ജനസമാഗമമാണെന്ന് പഴയ ഒരു സംസ്കൃതശ്ലോകത്തിൽ പറഞ്ഞത് ഓർക്കുന്നു. നല്ല മനുഷ്യരുടെ ദർ





ശനവും ശ്രവണവും നമ്മിൽ നല്ല വി കാരങ്ങളെ സ്പന്ദിപ്പിക്കാതിരിക്കില്ല. അതാണ് അതിൻെറ പ്രയോജനം. എല്ലാ മതങ്ങളും സജ്ജനബന്ധത്തെ വാഴ്ത്തിപ്പറയുന്നുണ്ട്.

വാക്ക് മാറിയെന്ന് വരാം. ബൈബിൾ സജ്ജനം എന്ന വാക്കല്ല ഉപയോഗിക്കുന്നത്. അതിന് ഒരേ വാക്ക് സംസ്കൃതത്തിലും ഹിബ്രുവിലും ഉപയോഗിക്കാൻ വയ്യല്ലോ. 'സുവിശേഷം പറയുന്ന ആളെ കേൾക്കുന്ന ജനങ്ങൾ വേണം' എന്നാണ് ബൈബിൾ പ്രസ്താവിക്കുന്നത്. പ്രവാചകന്മാരെ ശ്രദ്ധിക്കണം എന്ന് ഖുർആൻ. ആത്മീയമായ ശ്രേഷ്ഠതയുള്ളവരെ കണ്ടുമുട്ടുന്നതും അനുസരിക്കുന്നതും നല്ലൊരു പരിശീലനമാണെന്ന് ഉപനിഷത്തും പറയുന്നു.

ആൻറണി ഈ സന്ദർശനം നടത്തിയത് എന്തിനാണെന്ന് വ്യക്തമല്ല. നല്ല ഒരു സ്ത്രീയെക്കണ്ട്, നല്ല സംഗതികൾ സംസാരിച്ച്, നല്ല ചിന്തയോടെ മടങ്ങുക മാത്രമായിരുന്നോ അദ്ദേഹത്തിൻെറ ഉദ്ദേശ്യം? നമുക്ക് വ്യക്തമല്ല. അദ്ദേഹത്തിനുതന്നെ വ്യക്തമാണോ ഈ സംഗതി എന്ന് എനിക്കറിഞ്ഞുകൂടാ. ഈ പ്രശ്നം, അതുകൊണ്ട് വ്യക്തമായി മനസ്സിലാക്കാൻ നമുക്ക് ശ്രമിക്കാം.

'അനുഗ്രഹിക്കുക' എന്ന വാക്കുപോലെ ഉപഭോക്താക്കൾ ദുരുപയോഗപ്പെടുത്തിയ മറ്റൊരു വാക്കില്ല. 'എന്നെ അനുഗ്രഹിക്കണം' എന്ന് ഇക്കാലത്ത് ആർക്കും ആരോടും പറയാമെന്നായിട്ടുണ്ട്. ഈ പാവത്തിൻെറ അനുഗ്രഹംപോലും□ആഗ്രഹിക്കുന്നവർ ഇന്ന് ധാരാളമുണ്ട്. ആത്മീയമായി ഉയർന്നവരുടെ അനുഗ്രഹം തേടി ഭയാശങ്കകൾ നിറഞ്ഞ മനുഷ്യർ അവരുടെ അടുത്തേക്ക് ചെല്ലാറുണ്ടെന്നത് ശരി. പക്ഷേ, എത്രപേർക്ക് അനുഗ്രഹം ഫലിച്ചിട്ടുണ്ട്? അമൃതാനന്ദമയിയെ ആൻറണിയും കരുണാകരനും ദർശിക്കാൻ പോയല്ലോ. ഇവരിൽ ആരെയാണ് അവർ അനുഗ്രഹിക്കുക? രണ്ടുപേരെയും അനുഗ്രഹിക്കുമോ? അല്ല, രണ്ടുപേരെയും തള്ളുമോ? ഇങ്ങനെ കൊള്ളുന്നതിനും തള്ളുന്നതിനും വല്ല മാനദണ്ഡവുമുണ്ടോ? ഇവരാണോ കേരളത്തിൽ അനുഗ്രഹം ലഭിക്കേണ്ടവരിൽ അഗ്രഗണ്യർ? ഇവരുടെ ആഗ്രഹങ്ങൾ അനുഗ്രഹഫലമായി ഇവർക്ക് സാധിച്ചോ? നമ്മുടെ അനുഭവത്തിൽ മാതാവിൻെറ അനുഗ്രഹം കിട്ടിയിട്ടും ഇരുവരും സത്യം സത്യഭേദമോ ധർമം ധർമഭേദമോ നോക്കാതെ ഏതുവഴിയും സ്വീകരിക്കുന്നവരാണ്. അഥവാ അനുഗ്രഹം ഫലിച്ചെന്നിരിക്കട്ടെ, വളരെ താണ ലൗകി

കമോഹങ്ങൾ നേടിക്കൊടുക്കുന്നതിന് ആളുകളെ സഹായിക്കുകയാണോ മാതാവിൻെറ അനുഗ്രഹത്തിൻെറ ലക്ഷ്യം? അനുഗ്രഹ സിദ്ധിക്കുശേഷം ആൻറണി-കരുണാകരദ്വന്ദ്വത്തിന് ഐഹികമോഹങ്ങളിൽനിന്ന് മോക്ഷം ലഭിച്ചെന്നാണോ നാം ധരിക്കേണ്ടത്. തന്നെ കാണാത്തവർക്ക് അവർ എത്ര നല്ലവരായാലും അനുഗ്രഹം നൽകില്ലെന്നുണ്ടോ? ചെന്നുവാങ്ങേണ്ട സാധനമാണോ ഈ അനുഗ്രഹം? തങ്ങൾക്ക് കിട്ടിയ അനുഗ്രഹം എന്താണെന്ന് ഇരു സചിവോത്തമന്മാരും പറയുമോ? ഇല്ലെങ്കിൽ താൻ നൽകിയ അനുഗ്രഹം എന്താണെന്ന് അമ്മയെങ്കിലും കനിഞ്ഞ് പ്രസ്താവിക്കുമോ?

നിഗ്രഹാനുഗ്രഹശക്തി എന്നൊക്കെ ഋഷികളെപ്പറ്റി പുരാണകഥകളിൽ പറഞ്ഞുവരുന്നതിന് അർഥമുണ്ടോ എന്നെനിക്കറിയില്ല. പക്ഷേ, ജീവിച്ചിരിക്കുന്ന മനുഷ്യർക്ക് ഇത്തരം ശക്തിയുണ്ടെന്ന് കരുതാൻ പ്രയാസമുണ്ട്. ഗാന്ധിജി ആരെയും അനുഗ്രഹിച്ചിരുന്നില്ല. പുരാണകഥകൾക്ക് നേരിട്ട് അർഥം കൊടുക്കരുത് എന്നാണ് പ്രമാണം. മനുഷ്യമനസ്സിലെ ചീത്തയെ നിഗ്രഹിക്കുകയും നല്ലതിനെ അനുഗ്രഹിക്കുകയും ചെയ്യുന്നുവെന്നതാണ് പുരാണങ്ങളുടെ താൽപര്യം. അമ്മ അനുഗ്രഹിച്ചതിനുശേഷം ഈ രണ്ട് മാന്യന്മാർ തെല്ലെങ്കിലും മാറിയിട്ടുണ്ടെന്ന് അമ്മ പറയുമോ? സ്വരൂപത്തിലൂടെയോ പ്രയോജനത്തിലൂടെയോ മനസ്സിലാക്കാനാകാത്ത ഈ 'അനുഗ്രഹം' എന്നത് എന്താണ്?

'ഉദ്ധരേദാത്മനാത്മാനം' എന്നാണ് ഇതുസംബന്ധിച്ച് ഋഷികൾ പണ്ടേ അറിയിച്ചിട്ടുള്ളത്. നമ്മെ അനുഗ്രഹിക്കുന്നതും നിഗ്രഹിക്കുന്നതും നാം സ്വയംതന്നെയാണ്. അമൃതാനന്ദമയി ഈ സത്യമാണ് പ്രചരിപ്പിക്കേണ്ടത്. മനുഷ്യരുടെ ദുർമോഹങ്ങൾ വളർത്തുന്ന അനുഗ്രഹസ്രോതസ്സായിട്ട് അഭിനയിക്കുകയല്ല. ബുദ്ധനും ക്രിസ്തുവും പഠിപ്പിച്ചത് ഇതാണ്. 'നീ തന്നെ നിനക്ക് വിളക്കായിത്തീരും' എന്ന് തഥാഗതൻ ആനന്ദനെ ഉപദേശിച്ചു. 'സ്വർഗരാജ്യം നിധിയാണ്' എന്നുപറഞ്ഞ ക്രിസ്തുവിൻെറ ഭാഷയും മറ്റൊന്നല്ല. 'നീ ഉൾക്കൊണ്ട വിശ്വാസം നിന്നെ രക്ഷിക്കും' എന്ന് മഗ്ദലനമറിയത്തെ മഹാകവി സാന്ത്വനപ്പെടുത്തുന്നത് ഈ മഹത്തായ ആചാര്യപ്രബോധനം അറിഞ്ഞുകൊണ്ടാണ്.

സ്വയം ദിവ്യത്വം തേടരുത്, നേടാൻ തുനിയരുത്. ഇന്ത്യയിൽ പരമ്പരയാ നാം ആചാര്യനാമത്തിൽവാഴ്ത്തുന്ന

ശങ്കരൻ, ശ്രീ അരവിന്ദൻ, രമണമഹർ ഷി, നാരായണഗുരു തുടങ്ങിയവരെ ല്ലാം ഇത് പറഞ്ഞുനിർത്തുന്നു. അപ്പു റത്തേക്ക് കടക്കില്ല. അമൃതാനന്ദമയി യുടെ അനുഗ്രഹം ശരണീകരിക്കു മ്പോൾ ആൻറണി ക്രിസ്തുദേവനെ യും കരുണാകരൻ ശ്രീശങ്കരാദികളെ യും ഉപേക്ഷിക്കുകയാണെന്ന് അവർ അറിയാത്തത് അവരുടെ ജന്മപുണ്യം എന്നേ പറയേണ്ടു!

ആയിരക്കണക്കിന് ആളുകൾ മാതാ അമൃതാനന്ദമയിയുടെ ദർശനത്തിനും ആലിംഗനത്തിനും കാത്തുനിൽക്കു ന്നു. അഴിമതിക്കാരനായ മന്ത്രിയുടെ മുന്നിലും കൈകൂപ്പിനിൽക്കുന്ന പാവ പ്പെട്ട ജനങ്ങൾ ഒടുവിൽ ഏതോ അ ദൃശ്യശക്തിയെ വിളിച്ചുകരയും. പു രാണകഥകൾ കേട്ടുവളർന്ന ഇവരുടെ മതബോധം ഇതാണ്-നമ്മുടെ രാജ്യ ത്ത് ആൾദൈവങ്ങൾ ഉണ്ടാകുന്നത് ഇങ്ങനെയാണ്. ആളുകൾ ദൈവമാ യി കൽപിക്കുമ്പോൾ ഞങ്ങളുടെ ഈ നിസ്സംശയഭക്തിയെ ദുരുപയോഗപ്പെ ടുത്തുകയല്ലേ ചെയ്യുന്നത്? ഇത് ശരി യായ ആത്മീയതയാണെന്ന് തോന്നു ന്നില്ല. അവരുടെ ഉദ്ബോധനങ്ങൾ എത്രമാത്രം ജനങ്ങളെ ആത്മീയത യിലേക്ക് എത്തിക്കുന്നുവെന്നത് ചി ന്തനീയമാണ്. പഴയ മഹർഷികളുടെ യോ ബുദ്ധഭഗവാൻെറയോ യേശുദേ വൻെറയോ മുഹമ്മദ്നബിയുടെയോ അത്യന്തസരളങ്ങളെങ്കിലും അഗാധ സത്യങ്ങൾ ഉൾക്കൊള്ളുന്നതരത്തിലു ള്ള പ്രവചനങ്ങൾ അവരിൽനിന്ന് ഉ ണ്ടാകുന്നതായി അറിഞ്ഞിട്ടില്ല. ആധു നികകാലത്തെ മഹർഷിവര്യന്മാരായ രമണമഹർഷി, അരവിന്ദയോഗി, നാ രായണഗുരുദേവൻ എന്നിവർ ആവി ഷ്കരിച്ചതുപോലുള്ള മഹാസത്യങ്ങ ളും ഇവരിൽനിന്ന് നമുക്ക് ഇന്നുവരെ ലഭിച്ചിട്ടില്ല. മനുഷ്യർ തമ്മിൽ സ്നേ ഹം വേണം, ഹൃദയം ഇടയ്ക്ക് വികാ രങ്ങൾകൊണ്ട് നിറയ്ക്കണം, പാവങ്ങ ളെ സേവിക്കലാണ് ഈശ്വരസേവ എ ന്നൊക്കെയുള്ള വചനങ്ങൾ ആർക്കും സ്വന്തമെന്ന് അവകാശപ്പെടാനാകാ ത്ത വെറും മാറ്റൊലികളാണ്. മനുഷ്യ ൻെറ ഉള്ളിലെ ഇരുട്ടിൽ പ്രകാശം പ രത്തുന്ന വാക്യങ്ങളല്ല ഇവ. കേട്ടുകേ ട്ട് അർഥം നശിച്ച പ്രതിധ്വനികൾ മാ ത്രമാണ് ഞാനും നിങ്ങളും പറയാറു ള്ള വാക്കുകൾ.

ഇത് നേരിട്ട് കേൾക്കാനാണോ മുഖ്യ മന്ത്രി കൊച്ചിയിലെ ആഘോഷ ത്തിൽ സംബന്ധിച്ചതും തിരുവനന്ത പുരത്തെ ആശ്രമത്തിൽ പോയതും? അല്ലെങ്കിൽ പിന്നെന്തിന്? അമ്മയുടെ ആൾക്കൂട്ടം തനിക്കും ഉപകരിക്കട്ടെ എന്ന് അദ്ദേഹം കരുതിയോ.

അമൃതാനന്ദമയിഅമ്മയുടെ പ്രവർത്തനങ്ങളുടെ വിശിഷ്ടമായ മഹത്വം കണ്ട് ആൻറണി ആകൃഷ്ടനായിപ്പോയതാകില്ല. കാരണം, തന്നെ കാണാൻ കൂടിനിൽക്കുന്ന ഭക്തസമൂഹത്തോട് അതിലളിതങ്ങളായ കാര്യങ്ങൾ പറയുകയും കൂട്ടത്തിൽ ചിലരെ ആലിംഗനം ചെയ്യുകയും ചിലപ്പോൾ പല പല ഹൈന്ദവദേവതകളുടെ രൂപമണിഞ്ഞ് നൃത്തം ചവിട്ടുകയും മറ്റുമാണ് പറഞ്ഞുകേൾക്കുന്ന അവരുടെ പ്രവർത്തനങ്ങൾ. മഹാത്മാക്കളോ സുവിശേഷവക്താക്കളോ പ്രവാചകരോ അനുശാസിക്കുന്ന മാർഗങ്ങൾ ഇവയൊന്നുമല്ല. എങ്ങും തൊടാതെ ഒര നീതിയെയും മൂർത്തരൂപത്തിൽ അപവദിക്കാതെ, ഇന്ന് സമൂഹത്തിൽ നടമാടുന്ന ഭയങ്കരങ്ങളായ അനാചാരങ്ങളെയും മൂല്യരാഹിത്യത്തെയും സോദാഹരണം എതിർക്കുകയോ കുറ്റപ്പെടുത്തുകയോ ക്രിസ്തുവിനെയും യോഹന്നാനെയും മുഹമ്മദ്നബിയെയും വിവേകാനന്ദനെയും ശ്രീനാരായണഗുരുവിനെയും വാഗ്ഭടാനന്ദനെയും ശിവയോഗിയെയുംപോലെ ചെയ്യാതെ ഉപരിപ്ലവമായി കോപ്പിയെഴുതാവുന്ന സദാചാരം പറയുന്നത് ഒരു ജനതയെ ഇരുട്ടിൽനിന്ന് വെളിച്ചത്തിലേക്ക് നയിക്കുന്ന വലിയ പ്രവർത്തനമല്ല. പിന്നെ, ആതുരശുശ്രൂഷ ലക്ഷ്യമാക്കി നടത്തുന്ന ആശുപത്രികളുടെയും മറ്റും കാര്യമാണ്. കേരളത്തിൽ ഇന്ന് അഴിഞ്ഞാടുന്ന സ്വകാര്യവൽക്കരണത്തിൻെറ വസന്തത്തിൽ എത്രയോ ചികിൽസാ വ്യവസായശാലകൾ ഉയരുന്ന കൂട്ടത്തിൽ അമൃതാലയവും ഉണ്ടായതിൽ ആത്മീയമഹിമ കാണാൻ ബുദ്ധിമുട്ടുണ്ട്.

അമൃതാ ആശുപത്രി ആർക്കുവേണ്ടിയാണ് സ്ഥാപിക്കപ്പെട്ടത്? പാവങ്ങൾക്കുവേണ്ടിയാണെന്ന് ഉറച്ചുപറയാമോ? പാവങ്ങൾക്ക് അവിടത്തേക്കാൾ പ്രാപ്യമായ ആശുപത്രികൾ എറണാകുളത്തും തൃശൂരും പലേടങ്ങളിലും ഉണ്ട്. ലിസി ആശുപത്രിയും ജൂബിലി മിഷൻ ആശുപത്രിയും ഉദാഹാരണം. മെഡിക്കൽ കോളേജ് നടത്തുന്നു. ആർക്കുവേണ്ടി? ഇതൊക്കെ കേരളത്തിൽ വാരിവിതറുന്ന ഒരു പുതിയ സാമ്പത്തികവ്യവസ്ഥയുടെ തേരോട്ടത്തിൽ കൂടെച്ചേർന്ന് കാശുണ്ടാക്കുന്നവരുടെ ക്യൂവിൽ മാതാ അമൃതാനന്ദമയിയെ കാണുമ്പോൾ വളരെ വല്ലായ്മയുണ്ട്. ഇവിടെ സ്വകാര്യാധീനമായ അനവധി 'മൾട്ടി-സ്പെഷാലിറ്റികൾ' നമുക്കുണ്ട്. ഇല്ലാത്തത് ആത്മാവിൻെറ ശുദ്ധീകരണത്തിനും ഉന്നതീകരണത്തിനും ഉതകുന്ന നിർമലമായ ആത്മീയ പ്രയത്നങ്ങളാണ്. ഇതിൻെറ ക്യൂവിൽ അമൃതാനന്ദമയിയെ കാണുന്നില്ല. സ്വകാര്യ താൽ

പര്യങ്ങൾ ഇടിച്ചുകയറുന്ന ക്യൂവിൽ അവർ നിൽക്കുന്നു. അവർ നിൽക്കുകയല്ല. അവരെ നിർത്തുകയാണ്. തന്നെ അങ്ങനെ നിർത്തുന്നവരോട് ' ഞാൻ അവിടെ നിൽക്കില്ല' എന്ന് മാതാവ് എന്തുകൊണ്ടാണ് പറയാത്തത് ?

ഋഷിമാരെയും പ്രവാചകന്മാരെയും ഗുരുക്കന്മാരെയും ആർത്തിപിടിച്ച ഈ വാണിജ്യവീരന്മാരായ ദുഷ്ടമനുഷ്യരുടെ ക്യൂവിലല്ല നാം കാണുന്നത്. മാതാവിനെയും അവിടെ കാണരുതെന്ന, ആരുടെയും ഏജൻറുമാരല്ലാത്ത എന്നെപ്പോലെയുള്ള പലരും ആഗ്രഹിക്കുന്നു.

അമൃതാമാതാവിൻെറ ഏതു കർമത്തിൻെറയും പിറകിൽ ആഗോളതലത്തിലുള്ള ഒരുപാട് ദുഷ്പ്രഭുക്കളുടെ നിഴലുകൾ ഇളകിക്കളിക്കുന്നുണ്ടെന്ന് ഏതു കുരുടനും കാണാൻ കഴിയുന്നുണ്ട്. സരളഹൃദയയായ ഒരു സ്ത്രീയുടെ ജനപ്രിയം നേടിയ വാക്കുകളെയും ഉപദേശങ്ങളെയും ഏതോ അദൃശ്യശക്തികൾ നിഗൂഢമായി ഉപയോഗപ്പെടുത്തുന്നുണ്ട്. ആർക്കും അനുമാനിക്കാവുന്ന തരത്തിൽ ഈ ധനാഡംബരപ്രകടനം പ്രത്യക്ഷപ്പെടുന്നതും എല്ലാവരും ശ്രദ്ധിക്കേണ്ട സംഗതിയാണ്. ഈ പണക്കൊഴുപ്പിൻെറ ഏജൻറുമാർ ആത്മീയോന്നതിയും മോക്ഷവും ആശിച്ചു പ്രവർത്തിക്കുന്നവരല്ല. ആഘോഷങ്ങളിൽ പ്രത്യക്ഷപ്പെടുന്ന ആൾക്കൂട്ടം യഥാർഥ ഭക്തജനക്കൂട്ടമാണെന്നു തെറ്റിദ്ധരിക്കാൻ എളുപ്പവുമാണ്.

മുഖ്യമന്ത്രി എന്ന നിലയിൽ ഇത്തരം ആകസ്മികങ്ങളായ ആശ്ചര്യപ്രതിഭാസങ്ങളെ യുക്തിചിന്തയോ ശാസ്ത്രീയചിന്തയോ തെളിഞ്ഞ ആത്മീയബോധമോ ഒന്നുംകൂടാതെ പിന്തുണയ്ക്കുന്ന ആൻറണിയുടെ രീതി ഒട്ടും ആശാസ്യമല്ല. മുഖ്യമന്ത്രിയല്ലെങ്കിൽ ആൻറണിയുടെ വ്യക്തിപരമായ ചാപല്യം എന്നു കരുതി ഇതിനെ തള്ളിക്കളയാം. ഇന്ത്യയിലെ ഭരണകർത്താക്കൾ ആരും ഇങ്ങനെ ചെയ്യരുത്. അത് തത്വവിരുദ്ധമാണ്. മതവിശ്വാസികളുടെ അന്ധകർമങ്ങളുടെ ഭീകരതമൂലം മുടിയാറായ ഈ നാട്ടിൽ ഭരണാധികാരികൾ യഥാർഥ മതനിരപേക്ഷത പ്രദർശിപ്പിക്കാൻ കടപ്പെട്ടവരാണ്. വേണ്ടരീതിയിൽ താൻ മനസ്സിലാക്കിയിട്ടില്ലാത്ത ഒരു സാധുവായ സ്ത്രീയെ സ്വന്തം മാതാവിനേക്കാൾ ഉയർത്തി പ്രതിഷ്ഠിച്ചതുവഴി ഇന്ത്യയുടെ മാതൃസങ്കൽപത്തിനുതന്നെ ആൻറണി കളങ്കം വരുത്തിക്കളഞ്ഞു. അത് പറഞ്ഞകാലത്ത് ഞാൻ ആ പ്രസ്താവനയെ പരിഹസിക്കുകയും എതിർ

ക്കുകയും ചെയ്തിരുന്നു.

കുഷ്ഠരോഗംമൂലം മനുഷ്യരുടെ ആ
കൃതിയും പ്രകൃതിയും നഷ്ടപ്പെട്ട
ആർത്തരെ തെരുവോരങ്ങളിൽനിന്നു
കണ്ടെടുത്ത്, ആശ്ലേഷിച്ച്, കുളിപ്പിച്ച്,
വസ്ത്രം നൽകി മാനവപ്രേമത്തി
ന്റെ നിസീമശക്തികൾക്കു മാതൃക
യായി ഭവിച്ച ഒരു മാതാവിനെ ഇന്ത്യ
ക്കാർക്ക് അറിയാം- മദർ തെരേസ.
പ്രകടനങ്ങളോ ആഘോഷങ്ങളോ ഭ
ക്തബാഹുല്യമോ ഒന്നും വിലവെ
ക്കാതെ, ക്രിസ്തുഭഗവാൻ ശിഷ്യരോ
ടു കൽപിച്ചതനുസരിച്ച് നിസ്സഹായ
മായ അജഗണത്തെ മനുഷ്യസമൂഹ
ത്തിലേക്കു പുനരധിവസിപ്പിച്ചവരാ
ണ് അവർ. അവരുടെ മാതൃവിശുദ്ധി
യിലും ആത്മീയതയിലും സംശയി
ക്കാൻ ദിവാന്ധർക്കേ കഴിയുകയു
ള്ളൂ. അവരുടെ വാക്കുകൾ മനുഷ്യ
വേദനയുടെ സാന്ത്വനസൂക്തങ്ങളാ
ണ്. മാതാ അമൃതാനന്ദമയിയെ മന
സ്സിൽ പ്രതിഷ്ഠിച്ച ആന്റണി എന്ന
മന്ത്രിമുഖ്യന് മദർ തെരേസയെ പ്ര
വേശിപ്പിക്കാൻപോലും മനസ്സിൽ ഇടം
ഉണ്ടായിരിക്കില്ല.

ഈ ലേഖനം പ്രസിദ്ധീകരിക്കുന്നത്
ഭരണത്തിലും സമ്പന്നതയിലും വില
സുന്ന രാജ്യത്തിലെ മുഖ്യപ്രജകളായ
വിഐപിമാർക്കു പിടിക്കില്ല എന്നെനി
ക്കറിയാം. മാതാ അമൃതാനന്ദമയിയെ
ക്കുറിച്ച് പല നിഗൂഢവസ്തുതകളും
പരസ്യപ്പെടുത്തിയ ഒരെഴുത്തുകാര
നെതിരെ നടപടികളെടുക്കാൻ നമ്മു
ടെ മുഖ്യമന്ത്രി അനുവദിച്ചതായി അ
റിയുന്നു. എന്തുകൊണ്ട് കരുണാവാ
രിധിയും സ്നേഹമയിയുമായ മാതാ
വ് ഭക്തന്റെ ഈ രോഷപ്രകടനം
വേണ്ടെന്നു പറഞ്ഞില്ല?

എനിക്കെതിരെ നടപടിയെടുക്കാൻ
സാധിക്കില്ലെന്ന ചെറിയൊരഹങ്കാരം
എനിക്കുണ്ടായിരുന്നു. ആ അഹങ്കാ
രം നഷ്ടപ്പെട്ടു. നിർബന്ധംമൂലം
ഞാൻ പതിവായെഴുതുന്ന ഒരു ആഴ്
ചപ്പതിപ്പിലേക്ക് ഇത് ഞാൻ ആദ്യം
അയച്ചുകൊടുത്തു. അവർ ഇത് മട
ക്കി അയച്ചു. എന്റെ പതിറ്റാണ്ടു
കൾനീണ്ട സാഹിത്യജീവിതത്തിൽ
ആദ്യമാണ് ഒരു ലേഖനം മടങ്ങിവരു
ന്നത്. കാരണം ചോദിച്ചപ്പോൾ പത്ര
ത്തെ കുറ്റപ്പെടുത്താനായില്ല. മാതാവി
ന്റെ സ്ഥാപനങ്ങളുടെവക എത്ര
യോ കോടി രൂപയുടെ പരസ്യം വേ
ണമോ അഴീക്കോടിന്റെ ലേഖനം
വേണമോ എന്ന ചോദ്യത്തിന്, അമൃ
താ മാതാവിനെ അവർ ആലിംഗനം
ചെയ്തു.

നന്നായി, എന്നെ ഇന്നോളം ആരും
ആലിംഗനം ചെയ്തിട്ടില്ല. പക്ഷേ, മാ

താവിൻെറ പ്രവർത്തനങ്ങളെ താത്വികരീതിയിൽ പരിശോധിക്കുന്ന പ്രബന്ധം, എത്രയോ വർഷങ്ങളായി എഴുതിവരുന്ന ഒരാൾ എഴുതിയാൽപോലും പ്രസിദ്ധീകരണം തടസ്സപ്പെടുമെന്ന സ്ഥിതിയാണ് ഇവിടെ നാം കാണുന്നത്. ഇതാണോ അമൃതാനന്ദമയിയുടെ യഥാർഥ രൂപം? ഭരണഘടന ഉറപ്പിച്ച ആശയപ്രകാശന സ്വാതന്ത്ര്യം പണവും അധികാരവും ഉപയോഗിച്ച് തടസ്സപ്പെടുത്തുന്ന ഭക്തശക്തികൾ ഇവിടെയുണ്ടെന്ന് നമുക്കറിയാം.

ആ കൂട്ടത്തിലാണോ അമൃതാനന്ദമയിയുടെ ഇരിപ്പ്? മാതാവ് മാത്രമല്ല, ആൻറണി പ്രഭൃതികളായ അനുയായിവൃന്ദവും ഇതിന് മറുപടി പറഞ്ഞാൽ നന്ന്.

---

# ഇടതുപക്ഷം നിർണായകമാകും

സണ്ണിജോസഫ്

ലോക്സഭയിൽ ഇടതുപക്ഷത്തിൻെറ സ്വാധീനം വർധിപ്പിക്കേണ്ട നിർണായക തെരഞ്ഞെടുപ്പാണ് ഇപ്പോൾ നടക്കാൻപോകുന്നതെന്ന് ആർഎസ്പി ദേശീയ ജനറൽസെക്രട്ടറി കെ പങ്കജാക്ഷൻ പറഞ്ഞു. കോൺഗ്രസിനോ ബിജെപിക്കോ ഈ തെരഞ്ഞെടുപ്പിൽ ഭരിക്കാനാവശ്യമായ ഭൂരിപക്ഷം കിട്ടില്ല. ഇങ്ങനെയൊരു സ്ഥിതിയിൽ ഇടതുപക്ഷത്തിൻെറ ലോക്സഭയിലെ സ്വാധീനം പുതിയ സർക്കാരിൻെറ രൂപീകരണത്തിൽ മുഖ്യപങ്കുവഹിക്കുന്ന സ്ഥിതിയുണ്ടാകും. ജനങ്ങളുടെ പക്ഷത്തുനിന്ന്, രാജ്യത്തിൻെറ രക്ഷയ്ക്ക് അനുയോജ്യമായ നയങ്ങൾ അംഗീകരിക്കുന്ന ഒരു സർക്കാരാണ് ഇന്ത്യക്കാവശ്യം. വർഗീയമായി ജനങ്ങളെ ഭിന്നിപ്പിക്കുന്ന ബിജെപി വീണ്ടും അധികാരത്തിൽ വന്നാൽ രാജ്യം ശിഥിലമാകും. പകരം അധികാരത്തിൽ വരാൻ ഇന്നത്തെ സാഹചര്യത്തിൽ അവസരം ലഭിക്കേണ്ടത് കോൺഗ്രസിനാണ്. എന്നാൽ, മൃദുഹിന്ദുത്വവും തെറ്റായ സാമ്പത്തികനയങ്ങളും പിന്തുടരുന്ന കോൺഗ്രസ് അതിൽ മാറ്റം വരുത്തണം. അതിന് കഴിയണമെങ്കിൽ ഇടതുപക്ഷസഹായമില്ലാതെ ഭരിക്കാൻ കഴിയാത്ത സാഹചര്യം കോൺഗ്രസിനുണ്ടാകണം. അതുകൊണ്ടാണ് ഇടതുപക്ഷത്തിൻെറ ശക്തി ലോക്സഭയിൽ വർധിക്കേണ്ടത് അനിവാര്യമാകുന്നതെന്ന് പങ്കജാക്ഷൻ ചൂണ്ടിക്കാട്ടി. ലോക്സഭാതെരഞ്ഞെടുപ്പിൻെറ പ്രാധാന്യം